# സ്കാനിംഗ്: രോഗിയുടെ പണം പിടുങ്ങുന്ന സൂത്രം


**ആനന്ദ് വി.കെ.**

**കേ**രളത്തിൽ പ്രവർത്തിക്കുന്ന സ്കാൻ സെന്ററുകളുടെ നീചമായ ചിലസ്വഭാവങ്ങളക്കുറിച്ച് നിരന്തരമായ പരാതികൾ ഉയർന്നതിനെതുടർന്ന് ഇന്ത്യൻ മെഡിക്കൽ അസോസിയേഷന്റെ കേരള ശാഖ ഒരു എത്തിക്സ് കമ്മിറ്റി ഉണ്ടാക്കുകയും സ്കാൻ സെന്ററുകളുടെ പ്രവർത്തനങ്ങൾക്കും വാങ്ങുന്ന ഫീസിനും ചില മാർഗരേഖകൾ ഉണ്ടാക്കുകയും ചെയ്തിരുന്നു.

സ്കാൻ ചെയ്യുന്നതിന് രോഗിയെ വിടുന്ന ഡോക്ടർക്കോ ആശുപത്രിക്കോ കമ്മീഷൻ കൊടുക്കുന്നത് നിർത്തലാക്കണമെന്നും അതനുസരിച്ച് ഇപ്പോൾ വാങ്ങുന്നതിനേക്കാൾ കുറഞ്ഞ തുകയേ രോഗിയാൽ നിന്നുവാങ്ങാവൂ എന്നതുമാണ് മാർഗരേഖയിലെ രണ്ട് പ്രധാനസംഗതികൾ. വ്യത്യസ്ത തരം സ്കാനുകൾക്ക് കേരളത്തിലുടനീളം ബാധമായ ഒരു പൊതുവായ നിരക്കും ഐ.എം.എ. പ്രസിദ്ധീകരിച്ചു. ഇക്കഴിഞ്ഞ ജനുവരി ഒന്നു മുതൽ പുതിയ നിരക്ക് നടപ്പിൽ വരുത്താനായിരുന്നു തീരുമാനം.

പക്ഷേ ഐ.എം.എ ഉണ്ടാക്കിയിരിക്കുന്ന മാർഗരേഖകൾ തങ്ങളുടെ അവകാശങ്ങൾ ലംഘിക്കുന്നവയാണെന്നും അതുകൊണ്ട് അത് റദ്ദ് ചെയ്യണമെന്നും ആവശ്യപ്പെട്ട് സ്കാൻ സെന്ററുകളുടെ സംഘടനയായ കേരള മെഡിക്കൽ സ്കാൻ സെന്റേഴ്സ് വെൽഫയർ അസോസിയേഷൻ ഹൈക്കോടതിയിൽ ഹർജി നൽകുകയും ഹൈക്കോടതി ഐ.എം.എയുടെ ഇടപെടലുകളെ താൽക്കാലികമായി തടഞ്ഞുകൊണ്ട് ഉത്തരവിടുകയും ചെയ്തു.

ആധുനിക ചികിത്സാരംഗത്ത് വിപ്ലവകരമായ മാറ്റങ്ങൾ വരുത്തിയ സ്കാനിംഗ് സംവിധാനം ജനങ്ങളെ കൊള്ളയടിക്കാനായി എങ്ങിനെ ഉപയോഗപ്പെടുത്തുന്നു എന്നാലോചിക്കാൻ പ്രേരിപ്പിക്കുന്നതാണ് ഈ സംഭവങ്ങൾ.




രോഗിയായെത്തുന്ന വ്യക്തിയുടെ പണം കൊള്ളയടിക്കാൻ സ്കാൻ സെന്ററുകളും ഡോക്ടർമാരും ഒത്തുചേർന്ന് നടത്തുന്ന കളികൾ മൂലം ഇന്ന് അലോപ്പതി വൈദ്യരംഗം തന്നെ പ്രതിസന്ധിയെ നേരിടുകയാണ്. ഡോക്ടർക്ക് ആവശ്യമെന്നു തോന്നുന്ന അവസരത്തിൽ മാത്രമേ ഡോക്ടർ സ്കാനിംഗിന് നിർദ്ദേശിക്കൂ എന്നു വന്നാൽ വളരെക്കുറച്ച് രോഗികൾക്കു മാത്രമേ സ്കാനിംഗ് വേണ്ടി വരൂ. അതിനാൽ ആവശ്യമില്ലാത്ത കേസുകളിലും ഡോക്ടറെകൊണ്ട് സ്കാനിംഗ് നിർദ്ദേശിപ്പിച്ചാലേ സ്കാൻ സെന്ററുകൾ ഉദ്ദേശിച്ചത്ര ലാഭകരമായി നടത്താനാവൂ. ആവശ്യമില്ലാത്ത കേസുകളിലും ഡോക്ടർ സ്കാനിംഗ് നിർദേശിക്കണമെങ്കിൽ ഡോക്ടർമാർക്കും അതുകൊണ്ട് നേട്ടമുണ്ടാവണമല്ലോ? അങ്ങിനെയാണ് സ്കാൻ സെന്ററുകളും ഡോക്ടർമാരും ചേർന്നുള്ള അവിഹിത കൂട്ടുകെട്ട് രൂപപ്പെട്ടത്. പനിയും ജലദോഷവുമൊഴികേ മറ്റെന്തസുഖം പറഞ്ഞു ചെന്നാലും സ്കാൻ ചെയ്യാൻ പറയുന്ന ഇന്നത്തെ അവസ്ഥ ഉണ്ടായത് അങ്ങിനെയാണ്.

ഉദാഹരണത്തിന് ഒരു സിടി. സ്കാനിംഗിന് യഥാർഥത്തിൽ വരുന്ന ചെലവ് ആയിരം രൂപയ്ക്കടുത്തു മാത്രമാണ്. സ്വകാര്യ സ്കാൻ സെന്ററുകൾ അതിന് ഈടാക്കുന്നത് 2500 രൂപയാണ്. അതിൽ ആയിരം രൂപയും ഡോക്ടർക്കുള്ള കമ്മീഷനാണ്. ബാക്കി ലാഭവും. അതായത് പത്തോ പതിനഞ്ചോ രോഗികളെ പരിശോധിച്ചാൽ ലഭിക്കുന്ന കൺസൾട്ടിംഗ് ഫീസിനേക്കാൾ കൂടുതലാണ് ഒരാൾക്ക് സ്കാനിംഗ് എടുക്കാൻ എഴുതിക്കൊടുത്താൽ കിട്ടുന്ന കമ്മീഷൻ.

''ഞാനൊരു ദിവസം പത്തു പേർക്കേ സ്കാനിംഗ് നിർദേശിക്കൂ'' എന്നും 'പേഷ്യന്റിന്റെ സ്റ്റാറ്റസ് നോക്കിയേ ഞാൻ സ്കാൻ അഡ്വൈസ് ചെയ്യൂ' എന്നും തങ്ങളുടെ നന്മകൾ വിളിച്ചുപറയുന്ന ഡോക്ടർമാർ തിരുവനന്തപുരംപോലുള്ള നഗരങ്ങളിൽ സുലഭമത്രേ.

ജനങ്ങളെല്ലാം ആദരവോടെ സംസാരിക്കുന്ന ഒരു ഞരമ്പുരോഗവിദഗ്ധന്റെ കഥ കേൾക്കൂ. അദ്ദേഹം ഒറ്റരോഗിയിൽനിന്നും പരിശോധനക്ക് ഫീസ് വാങ്ങില്ല. അതുകൊണ്ട് രോഗികൾക്ക് ആദരവാണ്. പക്ഷേ, അദ്ദേഹത്തിന് ഒരു ദൗർബല്യമുണ്ട്- എല്ലാ രോഗികൾക്കും സ്കാൻ നിർദേശിക്കും. ഓരോ മാസവും അദ്ദേഹത്തിന് സ്കാൻ സെന്ററുകളിൽനിന്നും കമ്മീഷനായി ലഭിക്കുന്നത് ലക്ഷങ്ങളാണത്രെ. എങ്ങനെയുണ്ട്? കാശിനു കാശും പേരിനു പേരും.

തിരുവനന്തപുരത്ത് സി.ടി. സ്കാൻ സംവിധാനമുള്ള ആറു ലാബുകൾ ഒരു കിലോമീറ്റർ ചുറ്റളവിനുള്ളിൽ പ്രവർത്തിക്കുന്നുണ്ട്. ഇത്രയും ചെറിയ പരിധിക്കുള്ളിൽ ഇത്രയും സ്കാൻ സെന്ററുകൾ പ്രവർത്തിക്കുന്ന ഒരു സ്ഥലം അമേരിക്കയിൽപോലും ഇല്ലത്രെ.

അങ്ങനെ ഡോക്ടർക്കു നല്കുന്ന കമ്മീഷനിലാണ് സ്കാൻ സെന്ററുകളുടെ നിലനില്പെന്നിരിക്കേ അതു തടയാൻ മാർഗനിർദേശവുമായി ഐ.എം.എ. വന്നാൽ പാവം സ്കാൻ സെന്ററുകളെന്തു ചെയ്യും? സാധു ഡോക്ടർമാർ എന്തുചെയ്യും?